# നൂപുരം



# ദൈവദശകം

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളേ;
നാവികൻ നീ ഭവാബ്ധിക്കോ-
രാവിവൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണി ത്തൊ-

ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം

നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സൃഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ,സൃഷ്ടി-
യ്ക്കുള്ള സാമഗ്രിയായതും

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി -
സ്സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം

നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-

ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു
ഭഗവാനേ, ജയിയ്ക്കുക.

ജയിയ്ക്കുക മഹാദേവ,
ദീനവന പരായണാ,
ജയിയ്ക്കുക ചിദാനന്ദ,
ദയാസിന്ധോ ജയിയ്ക്കുക.

ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.

# ആശംസ

## ലത. യു.കെ(ഹെഡ്മിസ്ട്രസ്സ്)

2018-2019 അദ്ധ്യന വർഷത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കുട്ടികളിലെ കമ്പ്യൂട്ടർ പരിജ്ഞാനം വളർത്താൻ ഏറെ

സഹായകമാകുന്നു. യൂണിറ്റിലെ വിദ്യാർഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ വളരെ

മനോഹരമായിരുന്നു. കുട്ടികളുടെ സർഗാത്മക രചനകളും ലേഔട്ടും

മനോഹരമായിരിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഏവർക്കും

അഭിനന്ദനങ്ങൾ

നേരുകയും ആശംസകൾ അർപ്പിക്കുകയും

ചെയ്യുന്നു....

# പ്രസിദ്ധീകരിക്കുന്നവർ

## ഹെഡ്മിസ്ട്രസ്സ്

യു.കെ ലത

## ലിറ്റിൽ കൈറ്റ്സ് എഡിറ്റേഴ്സ്

ദിവ്യ ടി എസ്
ബിബിന ബോസ്
ദിവ്യ പി ടി

## മാഗസിൻ എഡിറ്റർ

ദിനകർ
അപർണ
അസീം

## സബ് എഡിറ്റേഴ്സ്

ഭാഗ്യലക്ഷ്മി ഒ ജെ
വൈഗ ശങ്കർ
സാനിയ പി എസ്
അമൃത പവനൻ
ഗോപിക പി എസ്

# ഉള്ളടക്കം


- ആമുഖം
- ലിറ്റിൽ കൈറ്റ്സ്
- NATURE IN MY DREAMS
- സ്വാർത്ഥതയുടെസ്വകാര്യതയിലേക്ക്
- THE POTATO AND THE ICE CREAM
- കേരളം
- ചക്കിക്കു പറ്റിയ അമളി
- MAGIC OF SILVER LETTERS
- ഗുരുവേ നമഃ
- മങ്കുവിന്റെ വികൃതി
- MOTHER NATURE
- സൗഹൃദത്തിന്റെ വില
- ALCHEMY OF LOVE
- WORDS TO LIVE BY
- മുത്തശ്ശി
- പുഴയുടെ ആത്മഗദം

# ആമുഖം

കുഞ്ഞു മനസ്സുകളുടെ ജീവിതയാത്രയിൽ ഉയർന്നുകേട്ട ചെറുധ്വനികളുടെ ഒരു ചെറുകൂട്ടമാണിത്. അവർ കണ്ടും കേട്ടും കടന്നുപോയ ജീവിത യാഥാർത്ഥ്യങ്ങളുടെ അടർന്നു വീണ ഒരു ഏടാണ് ഈ നൂപുരം





**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**



**ലിറ്റിൽ കൈറ്റ്സ് എഡിറ്റോറിയൽ ബോർഡ്**



# NATURE IN MY DREAMS

**The nature in my dreams is alluring and calm**
**Its miracles and its beauty attracts charms**
**The crafts of nature is blowing the deeps of mind**
**The sunshine is like a blessing of saint**
**The chirping of bird and the soothing breeze**
**voice of waves and the buzzing of bees**
**The rhythm of nature is like a calm song**
**A beautiful harmony, the angels song**
**The flowers are blooming, the dews are glistening**
**The cascades are glittering and rivers are gliding**
**The dale, the lakes the mountains in daylight**
**Is a delighting, delecting enchanting sight**
**The woods are friendly with the fireflies light**
**In the mysterious magical darkness of night**
**but moon lights the land, when the sky is clear**
**Like a thousands of lanterns, the stars will appear**
**The nature in my dreams is just an imagination**
**No one will ever find such a place of fascination**

**-- Sanjana Elizabath 10C**
**Kavitharachana**
***State A Grade***

# സ്വാർത്ഥതയുടെ സ്വകാര്യതയിലേക്ക്...

ഇന്നു നിൻ കണ്ണീരിലൊപ്പം
ഞാനും ഇണങ്ങാം
നിന്നോടൊപ്പം

ഞാനും കരയാം
എന്തു ഞാൻ പറഞ്ഞാശ്വസിപ്പിക്കേണ്ടു
കരയാതിരിക്കാൻ നിനക്കാവില്ലെന്നറിയാം

മുന്നിൽ വെള്ളയിൽ പൊതിഞ്ഞു
കിടപ്പതു നിൻ
അമ്മതൻ നിർജ്ജീവ തനുവല്ലൊ

നീ കരയാതിരിക്കാൻ ഞാൻ
ഒപ്പമിരിക്കാം
നീയുറങ്ങാൻ മുടിയിഴകളിൽ
തലോടി ഞാനുണർന്നിരിക്കാം
അനാഥയല്ല നീയെൻ കുഞ്ഞേ
നിനക്കിന്നമ്മയായി
ഞാനുണ്ടെന്നെൻ മനമേറെ

മന്ത്രിച്ച സ്വാഗതം.....
അമ്മേ  നമുക്ക് പോകാൻ
സമയമായി
അച്ഛൻ വിളിക്കുന്നു
എന്നെൻ പൊന്നോമന വന്നു

ചൊൽകെ


മാറിൽ നിന്നാ ബാലിക ഞാൻ
മുഖമടർത്തി മാറ്റി
നടന്നു നീങ്ങവെ കേഴില്ലെന്നു
നടിച്ചു ഞാൻ..... അപ്പോളുയർന്ന
ദീനവിലാപം
ഓരോ ചുവടിലുമെൻ മനം
മന്ത്രിച്ചുകൊണ്ടിരുന്നു
കുഞ്ഞേ നിനക്കിന്നമ്മയാകാൻ
ഏറെ കൊതിക്കുന്നു ഞാൻ...
പെട്ടന്നെൻ കൈകളിൽ തൂങ്ങി
യൊരെൻ പൊന്നോമനയെ
വാരിയെടുത്തു ഞാൻ ...... പിന്നെ
തിരിഞ്ഞു നോക്കാതെ നടന്നു
സ്വാർത്ഥതയുടെ സ്വകാര്യതയിലേക്ക്



ആകാശ് ശശി

-

10 C



# THE POTATO AND THE ICE CREAM

**Once up on a time there lived a potato and his family. They lived in a small house. The potato's best friend was ice cream and he was alone and have no house of his own . The ice cream lived in a shop and he is in a freezer. So he did not melt. One day he came to potato. That time it was so hot. So the potato said to ice cream that you should go to the shop as fast as you can. Yea, l will melt so l am going to my shop. Oh no you are melting. Please**

**help me. The ice cream said the potato took the ice cream and went to the shop. He opened the fridge and put him into the freezer. So the ice cream thanked the potato.**

***“ Always help our friends when they are in need.”***

# കേരളം

**കേരളം..... കേരളം.....**

കുഞ്ചൻനമ്പ്യാരുടെയും ശങ്കരാചാര്യരുടെയും സ്വന്തം നാട്
മലയാളം കള കളം ഒഴുകുന്ന പുണ്യനാട്
(കേരളം..കേരളം..)
പച്ചയിൽകുളിച്ച പുൽമേട്ടുകളും
കളകളം ഒഴുകുന്ന നദികളും
മഴവില്ലിന്റെ കീഴിൽ നൃത്തമാടുന്ന മയിലുകളും
പൂത്ത് നിൽക്കുന്ന വൃക്ഷങ്ങളും നമുക്ക്
തണലേകുന്ന നാട്
(കേരളം.. കേരളം..)

SANIYA JOSHY
8E



## ചക്കിക്കു പറ്റിയ  അമളി

അപ്പുവിൻെറ വീട്ടിലെ വളർത്തു പൂച്ചയാണ് ചക്കി. അവൾ വളരെ കുസൃതിയായിരുന്നു. അപ്പുവിൻെറ അമ്മ അടുക്കളയിൽ പായസം പാകം ചെയ്യുകയായിരുന്നു. പായസത്തിന്റ മണം വീടാകെ പരന്നു. ചക്കിക്ക് കൊതി സഹിക്കാനാവാതെ അടുക്കളയിലേക്ക് ഓടി അമ്മയുടെ കാലിൽ ചുറ്റിപറ്റി നിന്നു കരഞ്ഞു ങ്യ...ങ്യ.... പായസം റെഡി അമ്മ പറഞ്ഞു അമ്മ ചക്കിക്ക് പായസം ചൂടാറാൻ വച്ചതിനു ശേഷം അപ്പുവിനുമാറ്റി. പായസം ചൂടാറിയിട്ട് തരാട്ടോ.....ചക്കി.... അതും പറഞ്ഞ് അമ്മ അപ്പുറത്തേക്ക് മാറി. അമ്മ മാറിയ തക്കം നോക്കി ചക്കി മുകളിലേക്ക് കയറി പായസത്തിൽ നാവിട്ടു. പാവം ചക്കി അവളുടെ നാവ് പൊള്ളിപോയി. അപ്പു അതുകാണുന്നുണ്ടായിരുന്നു. “അമ്മ പറഞ്ഞതല്ലേ  ചൂടാറിയിട്ടു കുടിച്ചാൽ മതിയെന്ന്" ഇതാ പറയുന്നത്" മുത്തവർ ചൊല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും " അപ്പു പറഞ്ഞു. ചക്കി ചമ്മി പോയി......

ലക്ഷ്മി 6 C



# MAGIC OF SILVER LETTERS

**It was a pleasant morning with sunshine.**
**Looking through oriel to light of day**
**its beauty didn't mesmerise me**
**and I thought then what will?**

**I saw a book in the shade of a sugar maple**
**A wooden covered book with archaic carvings**
**ecclesiastical .its pages were golden**
**Its letters were glittering and magical as fireflies**
**Going through my heart deep and felling to**
**the abyss of mind, and it carved something in heart**
**Dazzling it was above the bounds of imagination**
**In the eve I looked around like awake from a sleep.**
**I went bed and slept and when i opened my eyes**
**I saw rays through maple leaves , where am I ?**
**I didn't know that I was melted in the**
**Silver letters glittering in the golden pages**

**---Sanjana Elizabath 10C**
**Kavitharachana**
***State A Grade***



# <u>ഗുരുവേ നമഃ</u>

ദാരിദ്രത്തിന്റെ അടിത്തട്ടിൽ വിശാലമായ ഒരു മലഞ്ചരുവരികിൽ ഒരു പെൺകുട്ടിയും അവളുടെ കൊച്ചു കുടുംബവും താമസിച്ചിരുന്നു. അച്ചു എന്നായിരുന്നു അവളുടെ പേര് .അവൾക്ക് വലിയ ആഗ്രഹങ്ങൾ  ഒന്നും ഉണ്ടായിരുന്നില്ല. അവൾ ഒരു സാധാരണ സ്കൂളിലാണ് പഠിച്ചിരുന്നത്. അവൾ നല്ലവണ്ണം പഠിക്കുമായിരുന്നു. അവളോട് പ്രത്യേക ഇഷ്ട്ടമുണ്ടായിരുന്ന ടീച്ചർ അവളെ എല്ലാ ചെറിയ ചെറിയ ഉത്തരവാദിത്ത്വങ്ങളും ഏൽപ്പിച്ചിരുന്നു. ഒരു ദിവസം ടീച്ചർ അച്ചുവിനോട് ഒരു കാര്യം ആവശ്യപ്പെട്ടു. “അടുത്ത ദിവസം കവിതാലാപന മത്സരമുണ്ട്, നീ ഒരു കവിത പാടാമോ...”അവൾക്ക്

സ്റ്റേജിൽ കയറാൻ ഭയമായിരുന്നു, എന്നാലും അവൾ ടീച്ചർ പറഞ്ഞതു പ്രകാരം കവിത പഠിക്കുവാൻ തുടങ്ങി. എല്ലാ ദിവസവും കവിത പാടുവാൻ പരിശിലിക്കുമായിരുന്നു. പക്ഷേ അവളുടെ ആലാപനരീതി ശരിയല്ലായിരുന്നു. എന്നാലും അവൾ എല്ലാ ദിവസവും നന്നായി പാടുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.അങ്ങിനെ അവളുടെ മത്സര ദിവസം അടുത്തെത്തി അന്നവൾ രാവിലെ പാടിനോക്കിയിട്ടും ശരിയായില്ല. അവൾ ടീച്ചറോട് എനിക്ക് പാടാൻ കഴിയുന്നില്ല എന്ന് പറഞ്ഞു. അപ്പോൾ ടീച്ചർ തനിക്ക് ഇഷ്ട്മുള്ള ആരെയെങ്കിലും മനസ്സിൽ ധ്യാനിച്ച് പാടിയാൽ മതി എന്ന് പറഞ്ഞു.അവൾ അച്ഛനെയും അമ്മയെയും മനസ്സിൽ ധ്യാനിച്ച് കവിത പാടാൻ തുടങ്ങി. അവളുടെ റിസൾട്ട് വന്നു. അവൾക്കായിരുന്നു ഒന്നാം സമ്മാനം. അവൾക്ക് സന്തോഷം അടക്കാനാവാതെ ടീച്ചറുടെ കാലിൽ ചെന്ന് നമസ്കരിച്ചു.

ഹൃദ്യ .എ.ജെ
8E

# മങ്കുവിൻ്റെ വികൃതി

ഒരിടത്ത് ഒരു മങ്കു എന്ന് പറയുന്ന ഒരു കുരങ്ങൻ ഉണ്ടായിരുന്നു. അവൻ വളരെ വികൃതിയുള്ളവനായിരുന്നു. ചീത്ത സ്വഭാവമാണ് അവൻ്റേത്. അവൻ്റെ കൂട്ടുകാരനായ അപ്പു അണ്ണാനും ഉണ്ടായിരുന്നു. ഒരു ദിവസം മങ്കുവിന് പ്ളാസ്റ്റിക്ക് പഴം കിട്ടി. അതു വച്ച് മറ്റുള്ളവരെ പറ്റിക്കാമെന്ന് വിചാരിച്ചു. അപ്പോഴാണ് ചിമ്പൻ ആനയുടെ വരവ് . ചിമ്പൻ വന്നപ്പോൾ ചിമ്പനോട് പഴം കഴിക്കാൻ പറഞ്ഞു. പാവം ചിമ്പൻ അതെടുത്തു കഴിച്ചു. ചിമ്പൻ്റെ പല്ലുകൾ പോയി . കാരണം അത് പ്ളാസ്റ്റിക്ക് പഴം ആയിരുന്നു. ചിമ്പന് ദേഷ്യം വന്നു. മങ്കുവിരുന്ന മരം പിടിച്ചു കുലുക്കി. മങ്കു നിലത്തു വീണു. അവൻ്റെ കൈ ഒടിഞ്ഞു. പിന്നെ ഒരിക്കലും അവൻ തെറ്റു ചെയ്തിട്ടില്ല.

അഭിരാമി സജീവ്
5 A

# Mother Nature

Piles of junk across the street
but people just walk and pass by
with their feet
Fields of green now fields of doom
Oh! how I hope my child can see it bloom
Rivers of life now rivers of death
when I see it I cannot catch my breath
Forest are where animals can breed
but we are all gone because of green
There must be something
that we can still do
but do you still care with
things around you?
Always remember that God
counts on you!
So give mother nature life
that's brand new!

...Stivia Rocha
X C




# സൗഹൃദത്തിന്റെ വില

ഒരിടത്തൊരു കാട്ടിൽ ഒരു ഭയങ്കരനും തെമ്മാടിയും വയസ്സനുമായ ഒരു സിംഹം ഉണ്ടായിരുന്നു.അവൻ എല്ലാ മൃഗങ്ങളെയും ഉപദ്രവിക്കുമായിരുന്നു. ഒരു ദിവസം ഒരു മുയൽ അതുവഴി വരുകയായിരുന്നു സിംഹം ആ മുയലിനെ വേട്ടയാടാൻ ശ്രമിച്ചു. മുയൽ ജീവനും കൊണ്ട് ഓടി രക്ഷപെട്ടു. പിന്നീട് ഇരകിട്ടാതെ സിംഹം ഗുഹയിലേക്ക് മടങ്ങിപ്പോയി. സിംഹത്തെ പേടിച്ച് ഒരു മൃഗങ്ങളും അതുവഴി വരാതായി. അതോടെ ഭക്ഷണം കിട്ടാതെ സിംഹം വയ്യാതെ കിടപ്പായി. കാട്ടിലെ നല്ലവരായ മറ്റു മൃഗങ്ങൾ ആ സിംഹത്തിൻെറ രക്ഷിക്കുവാൻ തീരുമാനിച്ചു. കാട്ടിലെ വൈദ്യരെകണ്ട് സിംഹത്തിന്റെ അവസ്ഥ പറയുകയും വൈദ്യർ മരുന്ന്

നൽകി മൃഗങ്ങൾ ഭക്ഷണവും വെള്ളവും നൽകി സിംഹത്തെ രക്ഷിച്ചു. പിന്നെ സിംഹം മറ്റു മൃഗങ്ങളുടെ ചങ്ങാതിയായി മാറി

''ഗുണപാഠം-സൗഹൃദം ആണ് ഏറ്റവും വലിയ സമ്പത്ത്

*BHAVYA BAIJU*



# ALCHEMY OF LOVE

A word can do wonders
A magical word baked with love
Let the space between with us befilled with happiness
Let the silence be broken by the music
of love
Though the sword hidden among us be
a bed of roses
Your voice shatters me into a world of
silence
Your words batter my soul
My shattered mind longs to be with you
Let your balmy voice be lullaby for my
dreams

Let me break , the silence of uncertainty
Let me break the silence of emotions
Let me dwell into magical and captivating  world with you
Let me indulge into love's ecstasy
Let's us be together forever
Please hold my arms tight and say
You are my world

**Let one has no desire of full fill itself**
**Only love the ALCHEMY OF LOVE**
**Love is from the infinite and agglutinate**
**into infinite**
**Slowly and gently let's dive into the world of eternal love**

**Let's be entwined together**
**To make a name for this abstact form**
**The Alchemy of Love...**

**Akash Sasi**
**X.C**

## *WORDS TO LIVE BY*

*"In life we cannot do everything we want to but we have to believe first then do what we want"*

*"In life, nothing ventured; nothing gained"*

*"Pain hurts you as long as you let pain hurt you"*

*"The moment when you question your own beliefs its the day you lose"*

*"Pain either breaks you or makes you"*


*"Failure is the stepping stone to victory"*

*"Action speaks louder than words"*

*THERE ARE TWO TYPES OF GENIUS*

*The first type are genius with a natural talent*
*The second type are genius who work hard to get the recognition of genius*

*by*
*Vidhu K.S*
*X c*




# മുത്തശ്ശി

ഒരു വലിയ വീട്ടിൽ ഒരു മുത്തശ്ശി താമസിച്ചിരുന്നു. ആ വീട്ടിൽ മുത്തശ്ശി മാത്രമാണ് ജീവിച്ചിരുനനത്. ആ മുത്തശ്ശിയുടെ മകൾ വിദേശത്തായിരുന്നു. ഒരു ദിവസം മുത്തശ്ശിക്ക് ഒരു കത്ത് വന്നു, മുത്തശ്ശിയുടെ മകളും കൊച്ചുമക്കളും നാട്ടിലെക്ക് വരുന്നു എന്നാണ് കത്തിൽ എഴുത്തിയിരിക്കുന്നത്. മുത്തശ്ശിക്ക് ആ വാർത്ത കേട്ട് സന്തോഷമായി. അടുത്ത ഇരുപത്തിയെട്ടാം തീയ്യതി വരും എന്നാണ് അതിൽ എഴുതിയിരിക്കുന്നത്. മുത്തശ്ശി അവർക്ക് ആവശ്യമുള്ള ഭക്ഷണവും സൗകര്യങ്ങളും എല്ലാം ഒരുക്കിവച്ചു.അവർക്ക് ഒരു കുറവും ഉണ്ടാവരുത് എന്ന് മുത്തശ്ശി കരുതി.അവർ എന്നും മുത്തശ്ശിയുടെകൂടെ ഉണ്ടാവണമെന്ന് മുത്തശ്ശി ആഗ്രഹിച്ചു. അങ്ങനെ കാത്തിരുന്ന് കാത്തിരുന്ന് ഇരുപത്തിയെട്ടാം തീയ്യതി അവർ വന്നു. മുത്തശ്ശി അവരെ സന്തോഷത്തോടെ വീട്ടിലെക്ക് സ്വീകരിച്ചു. പക്ഷേ, അവർക്ക് നാട്ടിൻപ്പുറവും,സൗകര്യങ്ങൾ കുറഞ്ഞവീടും ഒന്നും ഇഷ്ട്മായില്ല. അവർ രണ്ടു ദിവസം ബുദ്ധിമുട്ടി കഴിച്ചു കൂട്ടി വിദേശത്തേക്ക് തിരിച്ചു പോയി. മുത്തശ്ശിക്ക് അത് സഹിക്കാൻ പറ്റിയില്ല. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മകൾക്ക് നാട്ടിൽ നിന്ന് ഒരു കത്ത് വന്നു. മുത്തശ്ശിയുടെ മരണ വാർത്തയായിരുന്നു ആ കത്തിൽ. ഒരു നിമിഷം നിശ്ചലയായ അവളുടെ മനസ്സിൽ ബാല്യ കാല സ്മരണകൾ നിറഞ്ഞു. അച്ഛനും അമ്മയും മരിച്ചിട്ടും തനിക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച തന്റെ മുത്തശ്ശി.ചെറുപ്പത്തിൽ മുത്തശ്ശിയായിരുന്നു തനിക്കെല്ലാം. അങ്ങനെയുള്ള മുത്തശ്ശിയോട് ശരിക്കൊന്ന് സംസാരിക്കാതെ പോലുമാണല്ലോ ഞാൻ തിരിച്ചു പോന്നത്.......

ഇനി എനിക്ക് ആ മുത്തശ്ശിയെ കാണാൻ സാധിക്കില്ലല്ലോ.....

അവളുടെ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണനീർ ഉതിർന്നിറങ്ങി......

*Vishnu K D 8E*



## പുഴയുടെ ആത്മഗദം

എന്നാത്മാവിനെ തേടി ഞാനലഞ്ഞു
എൻ ഹൃദയത്തിൻ സംഗീതം തേടി
ഭയാശങ്കകളോടെ ഞാൻ കരഞ്ഞു
ആരുമെ കണ്ടതില്ല്യ എൻ ഹൃദയത്തേയും
എൻ ആത്മാവിനേയും എൻസംഗീതത്തേയും
ഓരോ ദിനവുംതീവ്രമോഹം
എന്നിൽ അങ്കുരിപ്പിച്ച് കടന്നു പോയി
മോഹാന്ധ്യത്തിൽ ഞാൻ
പാറപോലെ കാഠിന്യയായി

ഒരു വട്ടമെങ്കിലും എന്നാശ നിറവേറണം
എൻ ജൈത്രയാത്ര പ്രയാണത്തിൽ
ഇത്രമേൽ പഴികേൾക്കുമെന്നോർത്തില്ല ..
ഓരോ വീടും കയറിയിറങ്ങുമെന്നാൽ
ഞാൻ എന്നാത്മാവിനെ സ്പർശിച്ചു
എൻ ഹൃദയത്തിൽ ഈണം കേട്ടു
ഞാനാനന്ദ നൃത്തം ചവിട്ടി മതിമറന്നാറാടി
നിർവൃതിയാൽ ഞാനനക്കമറ്റുനിന്നു
ഞാനൊരുതെറ്റും ചെയ്യ്തിതെങ്കിലും
എന്നാത്മാവിനേയും ഹൃദയത്തേയും
കട്ടെടുത്തിലേ നിങ്ങൾ..

തിരിച്ചറിവിൻ നിമിഷത്തിൽ
ഞാൻ പിൻവാങ്ങിയില്ലെ

എനിക്കുമില്ലെ  ആശകൾ.. വേദനകൾ..
പരിഹാസ ശരങ്ങളാലും ആക്രമങ്ങളാലും
എന്നെ മുറിവേൽപ്പിക്കല്ലെ
എൻ സ്നേഹ ഭജനങ്ങളല്ല്യെ നിങ്ങൾ
എൻ മോഹത്തിന് എന്നാശകൾക്ക്
ഞാൻ മാപ്പ് ചോദിക്കുന്നു
നിങ്ങൾ തൻ  കണ്ണീർകണങ്ങളാൽ
എൻ നീരിനെ ചുട്ടുപൊള്ളിക്കല്ല്യെ
വിതുമ്പലോടെ കേഴുന്നു ക്ഷമിക്കു...

***JASMINE K.A***


Thank you!